

# ഈ-മഷി 3.0

സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂൾ മറ്റം
മാവേലിക്കര



## എഡിറ്ററിന്റെ മേശയിൽ നിന്നും

ഒരു കുട്ടിയുടെ ആത്മാവിൽ മറഞ്ഞിരിക്കുന്ന സഹാനുഭൂതിയുടെയും ദയയുടെയും ഔദാര്യത്തിൻ്റെയും സമ്പത്ത് മനസ്സിലാക്കുകയാണ് ഓരോ അധ്യാപകൻ്റെയും പരിശ്രമം. ഇത്തരം വികാരങ്ങളുടെ ഉദ്ദീപനത്തിന് സാഹിത്യവും സാഹിത്യ സൃഷ്ടികളും നൽകുന്ന സംഭാവനകൾ വളരെയാണ്. കുഞ്ഞ് മനസ്സുകളിൽ വിരിയുന്ന ഇത്തരം സാഹിത്യ സൃഷ്ടികൾ കണ്ടെത്തി ക്രോഡീകരിച്ച് ഒരു പുസ്തകരൂപത്തിലാക്കാനുള്ള എളിയ പരിശ്രമമാണ് ഈ-മഷി അഥവാ ഇലക്ട്രോണിക്ക് മഷി. പേരിൽ പറയുന്നപോലെ ഇതൊരു ഡിജിറ്റൽ മാഗസിനാണ്.
ഈ ഡിജിറ്റൽ മാഗസിന്റെ മൂന്നാം പതിപ്പാണിത്. വളർന്നുവരുന്ന മനസ്സുകളെ സ്വതന്ത്രരാക്കാനാണ് ഈ സംരംഭം
വാക്കുകളിൽ സൗന്ദര്യം നിറച്ച ഒരു ലോകം സൃഷ്ടിക്കാൻ ഭാവനയുടെയും അനുഭവത്തിൻ്റെയും മണ്ഡലത്തിൽ സ്വതന്ത്രമായി വിഹരിക്കാൻ ഈ മാഗസിൻ തീർച്ചയായും പുതുതലമുറയെ സഹായിക്കും. കുട്ടികളുടെ സർഗ്ഗാത്മകതയ്ക്ക് രൂപം നൽകുകയും വിജയം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുവാനും ഈ ഉദ്യമം സഹായിക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. എല്ലാ വായനക്കാർക്കും ആശംസകളും ഹൃദയം നിറഞ്ഞ സ്വാഗതവും.

# ചരിത്രം



കണ്ണമംഗലം പകുതിയിലും അതിന്റെ സമീപ പ്രദേശങ്ങളിലുമുള്ള ബാലികാ ബാലന്മാർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവുമില്ലാതെ അലഞ്ഞു തിരിയുന്ന ദു:സ്ഥിതി കണ്ട് മനസ്സലിഞ്ഞ് ഏതു വിധത്തിലെങ്കിലും ഒരു മാനേജ്മെന്റ് മിഡിൽ സ്കൂളെങ്കിലും സ്ഥാപിച്ചു നടത്തണമെന്നുള്ള ദൃഢനിശ്ചയത്തോട് കൂടി അന്നത്തെ പത്തിച്ചിറപള്ളി വികാരിയായിരുന്ന പുത്തൻ




മത്തിൽ ഭാഗവതരച്ചൻ എന്ന അപരാഭിധാനത്താൽ പ്രസിദ്ധനായിത്തീർന്ന ദിവ്യശ്രീ. പുത്തൻ മഠത്തിൽ സ്കറിയാ കത്തനാർ ശ്രമം ആരംഭിച്ചു. അന്ന് തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്നത് പ്രജാക്ഷേമൈക നിരതനും വിദ്യാഭ്യാസ പ്രചരണത്തിൽ അതീവ തൽപ്പരനുമായ ശ്രീമൂലം തിരുന്നാൾ രാമവർമ്മമഹാരാജവ് തിരുമനസ്സുകൊണ്ടായിരുന്നു. ഈ അവസരത്തിൽ പുത്തൻമഠത്തിലച്ചന്റെ ശ്രമം ദൈവാനുഗ്രഹത്താൽ സഫലമാവുകതന്നെ ചെയ്തു. പത്തിച്ചിറ പള്ളി വക സ്ഥലത്ത് പുത്തൻമഠത്തിലച്ചന്റെ മാനേജ്മെന്റിൽ

1098-99 വിദ്യാലയ വർഷത്തിൽ സ്കൂൾ ആരംഭിച്ച് നടത്തുന്നതിന് ഗവൺമെന്റിൽ നിന്നും അനുവാദം ലഭിച്ചു. അടുത്ത വിദ്യാലയ വർഷത്തേക്ക് പ്ളാൻ അനുസരിച്ചുള്ള കെട്ടിടവും ഉപകരണങ്ങളും തയ്യാറാക്കികൊള്ളാമെന്നുള്ള വ്യവസ്ഥയിൽ തൽക്കാലം ഒരു ഷെഡിൽ പ്രിപ്പയാററ്ററി ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചത്. എന്നാൽ ഇടവക അംഗങ്ങളും അച്ചനും തമ്മിലുള്ള അഭിപ്രായ ഭിന്നത കാരണം താൽക്കാലികമായ ഷെഡോ സ്ഥിരമായ കെട്ടിടമോ പള്ളിസ്ഥലത്ത് നിർമ്മിക്കാൻ കഴിഞ്ഞില്ല. ഇതുകൊണ്ട് നിരാശനാകാത്ത സക്കറിയാ കത്തനാർ തൊട്ടടുത്തുള്ള മുടിയിൽ കുടുംബവക സ്ഥലത്ത് ഒരു ഷെഡ് നിർമ്മിച്ച് 1098 ഇടവം 7 ന് 10 മണിക്ക് വിദ്യാലയം ആരംഭിച്ചു. പുത്തൻമഠത്തിൽ അച്ചന്റെ അന്നത്തെ ധീരപ്രവർത്തനമാണ് ഇന്നത്തെ ഈ കലാലയത്തിന്റെ അടിത്തറ.

പ്രഥമ വർഷത്തിൽ 63 വിദ്യാർത്ഥികളെ ചേർത്ത് രണ്ട് ഡിവിഷൻ ആരംഭിച്ച് രണ്ട് അദ്ധ്യാപകരേയും നിയമിച്ചു. അടുത്ത സ്കൂൾ വർഷത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശമനുസരിച്ചുള്ള സ്ഥിരമായ കെട്ടിടത്തിന്റെ പണി ആരംഭിക്കുവാൻപോലും സാദ്ധ്യമാവാഞ്ഞതിനാൽ സ്കൂളിന്റെ നടത്തിപ്പിൽ നാട്ടുകാർക്ക് സംശയം തോന്നി. അതുകൊണ്ട് അഡ്മിഷൻ സാരമായി കുറഞ്ഞു. പ്രിപ്പയററ്ററി ക്ലാസ്സിൽ നിന്നും പാസ്സായവരെ ഫസ്റ്റ് ഫോറം അനുവദിച്ചു കിട്ടാഞ്ഞതിനാൽ വിടുതൽ സർട്ടിഫിക്കറ്റ് നൽകി പിരിച്ചു വിടേണ്ട ദു:സ്ഥിതിയും സംജാതമായി. 1099-1100 അദ്ധ്യയന വർഷത്തിൽ പ്രിപ്പയാറ്ററി ക്ലാസ്സ് ഒരു ഡിവിഷൻ മാത്രമായി ചുരുങ്ങി. ഇങ്ങനെ മുന്നോട്ടു പോവാൻ നിവർത്തിയില്ലെന്ന് കണ്ട് ബഹുമാനപ്പെട്ട അച്ചൻ പള്ളിക്കാരുമായി ആലോചിച്ച് ഭരണ നിർവ്വഹണത്തിനായി ഒരു ഉടമ്പടി തയ്യാറാക്കി. ഈ വിവരം ഡിപ്പാർട്ടുമെന്റിനെ അറിയിച്ച് ഫസ്റ്റ് ഫോറത്തിനുള്ള അനുവാദം മൂന്നാം സ്കൂൾ വർഷം സമ്പാദിച്ചു. അങ്ങനെ ആദ്യ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ ആരംഭിച്ചു. എന്നാൽ ഉടമ്പടി വ്യവസ്ഥകൾ അച്ചൻ പാലിക്കുന്നില്ല എന്ന കാരണം പറഞ്ഞ് കെട്ടിടം പണി തറനിരപ്പായപ്പോൾ പള്ളിക്കാർ

നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നും പിൻമാറി. കെട്ടിടം പണി പൂർത്തിയാക്കുന്നില്ല എങ്കിൽ സ്കൂളിന്റെ അനുവാദം പിൻവലിക്കുന്നതാണെന്ന് ഡിപ്പാർട്ടുമെന്റിൽ നിന്ന് മുന്നറിയിപ്പുകളും കിട്ടി. മാനേജരച്ചൻ വല്ലാതെ കുഴങ്ങി. ദൃഢചിത്തനും സ്ഥിരോത്സാഹിയുമായ അച്ഛൻ ഈ പ്രതിസന്ധിയിൽ പിന്മാറാതെ സ്ഥലം പണയപ്പെടുത്തിയും കടമെടുത്തും കെട്ടിടം പണി പൂർത്തിയാക്കി. പ്രിപ്പയറട്ടറി ഫസ്റ്റ് ഫാറം എന്നീ ക്ലാസ്സുകൾക്ക് സ്ഥിരാനുവാദവും സെക്കന്റ് ഫോറത്തിനു പ്രാഥമീകഅനുവാദവും നൽകണമെന്ന് കാണിച്ച് ഡിപ്പാർട്ട്മെന്റിലേക്ക് അദ്ദേഹം അപേക്ഷ സമർപ്പിച്ചു. ഈ കാലഘട്ടത്തിൽ ശ്രീമൂലം തിരുനാൽ നാടുനീങ്ങുകയും റിജന്റായി ലക്ഷ്മിഭായി തമ്പുരാട്ടി തിരുവിതാംകൂറ് രാജ്യത്തിന്റെ ഭരണഭാരം ഏറ്റെടുക്കുകയും ചെയ്തു. ഈ അവസരത്തിൽ വിദ്യാഭ്യാസ ഡയറക്ടറായ ഹഡ്സൺ സായ്പ് സ്വദേശത്തേക്ക് പോവുകയും ആ സ്ഥാനത്തേക്ക് മറ്റൊരാൾ നിയമിതനാവുകയും ചെയ്തു. അന്ന് ഇംഗ്ളീഷ് സ്കൂളുകൾക്ക് പ്രതേകം ഇൻസ്പെക്ടർ ആയിരുന്നു ഉണ്ടായിരുന്നത്. സെക്കന്റ് ഫോറം തുടങ്ങുന്നതിനായി അനുവാദം ചോദിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്ന കാലത്ത് ഇൻസ്പെക്ടർ ആയിരുന്നത് മിസ്റ്റർ കുക്കിലിയാർ ആയിരുന്നു. അദ്ദേഹം സ്കൂൾ പരിശോധനക്ക് വരികയും ഡിപ്പർട്ട്മെന്റിന്റെ അനുവാദം കൂടാതെ സെക്കന്റ് ഫോറം നടത്തുന്നു എന്നും, മാനേജർ ഡിപ്പാർട്ട്മെന്റിന്റെ യാതൊരു നിർദ്ദേശവും അനുസരിച്ചല്ല പ്രവർത്തിക്കുന്നതെന്നും ആയതിനാൽ സ്കൂളിനു നൽകിയ അനുവാദം പിൻവലിക്കേണ്ടതാണെന്നും ശുപാർശ ചെയ്തുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് അയക്കുകയും ചെയ്തു.ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ അനുവാദം പിൻവലിച്ചുകൊണ്ടുള്ള ഗസറ്റ് പരസ്യവും പെട്ടെന്നുതന്നെ ഉണ്ടായി. പക്ഷേ അതുകൊണ്ടൊന്നും നിരാശനാവാത്ത മാനേജരച്ചൻ മാവേലിക്കര കൊട്ടാരത്തിൽനിന്നും ദത്തെടുക്കപ്പെട്ട റീജന്റ് ലക്ഷ്മീഭായി തമ്പുരാട്ടിയുടെ പാദാരവിന്ദങ്ങളിൽ ഒരു മാവേലിക്കരക്കാരൻ എന്ന നിലയിൽ കണ്ണീരോടെ അപ്പീൽ സമർപ്പിച്ചു. ഭാഗ്യമെന്നുപറയട്ടെ ഈ സമയത്ത് അവധിയിൽ സ്വദേശത്ത് പോയിരുന്ന ഹഡ്സൻ സായിപ്പ് തിരിച്ചുവന്ന് ഡയറക്ടറായി ചാർജ്ജ് എടുത്തു. മഹാറാണി തിരുമനസ്സുകൊണ്ട് സ്കൂൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡയറക്ടർക്ക് കല്പന കൊടുത്തു. അതുപ്രകാരം മിസ്റ്റർ ഹഡ്സൻ സ്കൂൾ സന്ദർശിക്കുകയും സ്കൂളിന് അനുകൂലമായി റിപ്പോർട്ട് അയക്കുകയും ചെയ്തു.തുടർന്ന് സെക്കന്റ് ഫാറം നടത്താനുള്ള അനുവാദം സ്കൂളിനു ലഭിച്ചു. ബാലാരിഷ്ടതകൾ പിന്തുടർന്ന് ഈ വിദ്യാലയം ഒരു പൂർണ്ണ ഇംഗ്ലീഷ് മിഡിൽ സ്കൂളായിത്തീർന്നു. അക്കാലത്തെ അധ്യാപകവൃന്ദത്തിൽ ശ്രീമാന്മാർ. എൻ ഗീവർഗ്ഗീസ്, പി.ഗോവിന്ദപിള്ള, എ.ഡാനിയേൽ ,കൊച്ചിക്കൽ മുകുന്ദൻ തമ്പി, പി.കെ വർഗ്ഗീസ്, ജേക്കബ്ബ് ജോൺ , സി.കെ പരമേശ്വരൻ , ചാക്കോ ഗീവർഗ്ഗീസ്, സി.കെമത്തായി, എ മറിയാമ്മ, കെ.ജി ഉമ്മൻ തുടങ്ങിയവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമത്രേ. സ്കൂൾ ഭരണം മാനേജരച്ഛന്റെ പൂർണ്ണ സ്വാതന്ത്രത്തിൽ നടന്നു വന്നു. എന്നാൽ അദ്ദേഹത്തിന്റെ പെട്ടന്നുള്ള മരണം വിദ്യാലയ ചരിത്രത്തിൽ ഒരു വഴിത്തിരിവായി.പള്ളിക്കൂടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പുത്തൻ മഠത്തിലച്ചന്റെ പിൻമുറക്കാരും പത്തിച്ചിറ പള്ളിക്കാരുമായി ശക്തമായ എതിർപ്പ് ഉണ്ടായി. എന്നാൽ പുത്തൻ കാവിൽ നി.വ.ദി.ശ്രീ. ഗീവർഗ്ഗീസ് മാർ പിലിക്സിനോസ്സ് തിരുമേനിയുടേയും നി.വ.ദി.ശ്രീ.അലക്സിയോസ് മാർതേവോദോസ്യോസ് മെത്രോപ്പോലിത്ത തിരുമേനിയുടേയും മദ്ധ്യസ്ഥതയിൽ 1945 ഇൽ കേസ്സ് രാജിയാവുകയും ദിവംഗതനായ ശ്രീ.സ്കറിയാ കത്തനാരുടെ അവകാശികൾക്ക് പണം നൽകി സ്കൂളിന്റെ അവകാശം വിടർത്തി സ്കൂൾ പള്ളിയുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തിൽ ഏറ്റെടുക്കുകയും ചെയ്തു.




അനന്തരം ഈ വിദ്യാലയം ഒരു ഹൈസ്കൂളായി ഉയർത്തണമെന്ന ആഗ്രഹം ഇടവക ജനങ്ങ്നളിൽ ഉണ്ടാവുകയും അന്നത്തെ വികാരിയായിരുന്ന ദിവ്യശ്രീ മാമൂട്ടിൽ അലക്സാണ്ടർ കത്തനാർ അച്ചന്റെ നേതൃത്വത്തിൽ ആയതിനുള്ള ശ്രമം ആരമ്ഭിച്ചു. 1949 ജനവരി 12 ന് മറ്റം ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ രജതജ്യൂബിലി വിവിധ കലാപരിപാഡികളോടെ നടത്തപ്പെട്ടു. തദവസരത്തിൽ സിൽവർ ജ്യൂബിലി ഹാളിന്റെ ശിലാസ്ഥാപനം അന്നതെ പ്രധാനമന്ത്രി ടി.കെ നാരായണപിള്ളയുടെ അഭാവത്തിൽ ബഹുമാനപ്പെട്ട മന്ത്രി വി.ഓ.മർക്കോസ് നിർവഹിച്ചു. 1949 ഇൽ പല എതിർപ്പുകളേയും അതിജീവിച്ച് ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. സമുദായഭേദമെന്യേ ഈ സ്ഥലവാസികളെല്ലാം ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് അവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്തിട്ടുണ്ട്. മറ്റം ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച ഈ സ്കൂൾ മറ്റം സെന്റ്.ജോൺസ് ഹൈസ്കൂളായി രൂപാന്തരം പ്രാപിച്ചതിൽ അനേകം സുമനസ്സുകളുടെ വിയർപ്പുതുള്ളികൾ ഇറ്റുവീണിട്ടുണ്ട്. ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ എന്ന പേരിൽ പുരോഗതിയുടെ ഭദ്രദീപം കൊളുത്തി പ്രശസ്ത സേവനം അനുഷ്ടിച്ചത്.ശ്രീ. പി.ഇ ചാക്കോ (ബിഎ,എൽറ്റി ) സാറാണ്. ചാക്കോസാർ കൊളുത്തിവച്ച ആ ഭദ്രദീപം പുരോഗതിയുടെ പാതയിലൂടെ ത്വരിതപ്രയാണം ചെയ്ത് ഇന്നും നിറഞ്ഞ് കത്തിക്കൊണ്ടിരിക്കുന്നു.

# മണ്ണിന്റെ ശബ്ദം



പെരുമര തണലിന്റെ
തണുപ്പില്ലാതെ
പെരുവേനലിനി എത്ര
പൊള്ളിക്കും
പൊള്ളിയടരുന്ന ആകാശ
പാളികൾ ആഴി നീരിനെ
ഇനിയെത്ര വറ്റിക്കും
വരമാകും മരമതിൻ ഇലച്ചി-
ലില്ലാതെ തണൽ പൂക്കുവതെവിടെ ?
വായു ചഞ്ചലം ചായുവതെവിടെ ?
ഒരു തൈ മരത്തിൻ വേരതീ -
മണ്ണിലോടാതെ എങ്ങിനെ തണൽ കുടവിരിക്കും
അംഗാരകത്തിന്റെ ജ്വലനം
വീര്യാമീലത പാളികൾ  പൊള്ളിച്ചും
സുഷിരങ്ങളുണ്ടാക്കി
ഭൂമിയുടെ തണൽ വിരിപ്പിനെ
പാതിയും കൊന്നിടുമ്പോഴിന്ന്
ഓർക്ക നാം യുഗങ്ങളേറെ
ഇനിയുമിവിടെ വന്നു പോകണം
നാം മാത്രമല്ല ഇനിയും
അനേകം ജീവനീ മണ്ണിൽ
കഴിഞ്ഞേതീരു
ഇന്നിനായ് നാളേക്കായ്
നമുക്കായ് നരവംശത്തിനായ്
ഒരു ചെറുതണൽ മരത്തെ
നട്ടിടാം
മണ്ണിലലിയാത്തൊരു മാലിന്യംകൊണ്ട്
മണ്ണിനെ കൊന്നിടുമ്പോൾ
മണ്ണിലേക്കതിവേഗം അലിഞ്ഞിടാൻ
മാർഗ്ഗമൊരുക്കി സ്വയം കൊന്നിടുമ്പോൾ
വിടനൽകിയില്ലെങ്കിൽ ഈ വിന
ഭൂമിയുടെ വിടയതിവേഗമാക്കും
വിശ്വം നശിക്കാതിരുന്നിടാൻ
വിട നൽക നാം ഈ വിഷത്തിന്
ഭൂവിന്റെ ഗർഭപാത്രം  പിളർന്ന്
വേരുകൾ ചിന്തിയ നാമിന്നവിടെ
ഒരു തൈ മരവേരു പടർത്തിടാം
ചരിത്രമായിടാം
ഇല്ലയെമിയോടൊപ്പം
ചരിത്രമായിടാം

**അമേയ അനിൽകുമാർ**



# My Mother

My mother is the best
She never rest
She work hard day and night
To make my future very bright
She does new things everyday
And there is always time to play
She is like a teacher to me
That is why I am not afraid of
Anything or any body
One day when I grow up
I would like to be thankful to her

For never give up

Ranjeet Rajan

# ചിത്രങ്ങൾ

ഓരോ ചിത്രങ്ങൾക്കും
എന്തൊക്കെ കഥകൾ ഓർമ്മകൾ പങ്കുവെക്കാൻ ഉണ്ടാകും
ചുവരിൽ ഓർമ്മകളുടെ രേഖകളായി
പകർത്തി വച്ചിരിക്കുന്ന ചിത്രങ്ങൾ
ചിലപ്പോൾ എത്ര വലിയ നണകൾ ആണെന്ന് തോന്നിപോകാറുണ്ട്
ആ നിമിഷത്തെ ഒരു ചിരി, ഒരു തമാശ
അതിനുമപ്പുറത്തേക്ക് എന്നേക്കുമായി അവ കരുതുന്നുണ്ടോ?
പിന്നെ ഇന്നോളം ഒരു ചിരി പോലും പരസ്പരം പങ്കുവെക്കാൻ ആകാത്ത വിധം
അടർന്നുപോയ ജീവിതങ്ങൾക്ക് മേൽ ഭൂതകാലത്തിന്റെ വിസ്മൃതിയായി
കാത്തുവെക്കുന്ന ചിത്രങ്ങൾ.....
ഇടയ്ക്കൊക്കെ ഒരു ഓർമ്മ പുതുക്കലിനായി വെറുതെ ഒന്ന് നോക്കിയിരിക്കാം,
കൊഴിഞ്ഞ വസന്തത്തിന്റെ അവശേഷിപ്പായി കരുതിവെക്കാൻ അത്രയെങ്കിലും.

അനന്തു

# കുസൃതിയുടെ വേനൽക്കാലം

കുസൃതിയുടെ വേനൽക്കാലം ഒരു പട്ടണത്തിലെ ഫ്ലാറ്റിൽ ഒരു കൊച്ചു കുടുംബം. അച്ചൻ കാശി അമ്മ സിന്ധു രണ്ടു കുട്ടികൾ . ഒരാൾ മൂന്നാം ക്ലാസ്സ് വിദ്യാർഥി കാളി മറ്റൊരാൾ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനി ശിവ. ടൺ കണക്കിനെ തമാശകൾ വാരി വിതറുന്ന ഒരു അച്ഛൻ, കാശി വീടുകാർക്കു മുന്നിൽ വളരെ തമാശക്കാരൻ . എന്നാൽ പുറം ലോകത്തിൽ വളരെ തിരക്കുപിടിച്ച ബിസിനസ്സ്മാൻ ആണ്. ഭാര്യ സിന്ധു വീട്ടമ്മയാണ്. ഭർത്താവിനും മക്കൾക്കും രുചികരമായ ഭക്ഷണം തയ്യാറാക്കിനൽകുന്നതിൽ മിടിക്കിയാണ് സിന്ധു. ഈ തിരക്കുപിടിച്ച ലോകത്തിൽ എല്ലാവർക്കും ഒന്നിച്ച് അവരുടെ ലോകത്തേക്ക് പോവാൻ പറ്റിയ ദിവസം വീട്ടിൽ ഇരിക്കുന്ന ഞായർ ദിനം .സിന്ധു എല്ലാവരോടുമായി പറഞ്ഞു കുട്ടികൾക്ക് വേനൽ അവധി ആണ് ഇപ്പോൾ . പിന്നെ വേനല്ക്കാലമല്ലേ നിങ്ങൾക്ക് ബിസിനസ്സ് ലീവ് എടുക്കാൻ സാധിക്കുന്ന ദിവസങ്ങൾ ആണ്. എനിക്ക് പ്രത്യേകിച്ച് ലീവ് എടുക്കാൻ ആരുടേയും അനുവാദം വേണ്ട. ഞാൻ ജോലിക്കു പോവുന്നില്ലല്ലോ, വീട്ടമ്മയല്ലേ. പട്ടണത്തിൽ വരുന്നതിനു മുമ്പ് സിന്ധു ബി എസ്സ് സി നേഴ്സ് ആയിരുന്നു. എന്നാൽ വിവാഹശേഷം ജോലിക്ക് പോവാൻ കാശിയുടെ രക്ഷകർത്തക്കൾ അനുവദിച്ചില്ല. ഇപ്പോൾ കുറേനാളുകൾ പിന്നിട്ടു എന്നാലും ചില നിമിഷങ്ങളിൽ ജോലിക്ക് പോവൻ പറ്റാതിന്റെ സങ്കടം മറ്റുപല മാർഗ്ഗങ്ങളിലൂടെ സിന്ധു പ്രകടിപ്പിക്കുമാരുന്നു. ത്താതിനെ എല്ലാം ചെറിയ ചെറിയ തമാശകളിലൂടെ കാശി സീരിയസ് ആക്കതെ നോക്കാറുമുണ്ട്. അതുപോലെ ഇതും നേരിട്ടു . അങ്ങനെ എല്ലാവരുടേയും അഭിപ്രായ പ്രകാരം ടൂർ പോവാൻ തീരുമാനിച്ചു. സാധാരണയായി ബിസിനസ്സ് ടൂർ പോവാറുള്ള ആളാണ് കാശി. അതുകൊണ്ട് തന്നെ കാശി പറഞ്ഞതെല്ലാം വിദേശരാജ്യങ്ങളുടെ പേരുകളാണ്. പുറം ലോകവുമായി അത്ര ബന്ധമില്ലാതിരുന്ന സിന്ധു എല്ലാത്തിനും തലകുലുക്കുന്നുമുണ്ടായിരുന്നു. എന്നാൽ മൂന്നാം ക്ലാസ്സുകാരൻ കാളി പറഞ്ഞസ്ഥലത്തേക്ക് പോവാൻ എല്ലാവരും തയ്യാറായി. കാശി പറഞ്ഞു അവന്റെ കുഞ്ഞുമനസ്സിൽ തെളിഞ്ഞ ലോകം അത് മറ്റു സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തവും സന്തോഷം തരുന്നതുമാണ്. അവൻ പറഞ്ഞ സ്ഥലം അവന്റെ അമ്മവീട് ആയിരുന്നു. തിരക്കുള്ള ഈ ജീവിതത്തിൽ അവർ മറന്ന സ്ഥലങ്ങളിൽ ഒന്നുമാത്രമാണിത്. അവർ തീവണ്ടി കയറി മെമന്തറ എന്ന സ്ഥലത്തേക്ക് യാത്രയായി. അവർ ആ യാത്രയിലും മനസിൽ മന്ത്രിച്ചു കാളി തിരഞ്ഞെടുത്ത യാത്ര മനോഹരമായിരിക്കും. അങ്ങനെ അവർ മെമന്തറ ഗ്രാമത്തിൽ എത്തി. അവിടെ നിന്നും ഒരു ഓട്ടോ റിക്ഷയിൽ ഒരുകിലോമീറ്റർ ദൂരമുള്ള സാഫല്യം എന്നു പേരുള്ള വീട്ടിലെത്തിച്ചേർന്നു. വീട്ടിനുള്ളിൽ നിന്നും അച്ചനും അമ്മയും ചിറ്റപ്പനും ചെറുമക്കളും വരുന്നു. ചെറുമക്കളെ കണ്ടപ്പോഴാണ് അവർ ചിന്തിച്ചത് അവധിക്കാലമാണല്ലോ ഏപ്രിലിലാണല്ലോ വിഷു എന്നത് പോലും അവർ മറന്നിരുന്നു, തിരക്കേറിയ ജീവിതയാത്രയിൽ വിഷു ഓണം എല്ലാം അവർക്ക് ഓർമ്മകൾ മാത്രമായിരുന്നു. അവർക്ക് ഈ ഗ്രാമത്തിലെത്തിയപ്പോൾ പുതുജീവൻ കിട്ടിയതുപോലെ ആയി. മിറ്റത്ത് തിണ്ണയിൽ ചാരുകസേരയിൽ പഴയ റേഡിയോയിൽ ഓർമ്മകൾ പുതുക്കുന്ന ഗാനങ്ങൾ കേൾക്കുന്ന അച്ചൻ . മരുമകനായ ഞാൻ ആദ്യമായാണീ ചുറ്റുപാടുകൾ ശ്രദ്ധിക്കുന്നത്. അടുക്കളയിൽ നിന്നും സ്വാദിഷ്ടമായ അരിപ്പയസത്തിന്റെ സുഗന്ധം . കാളിയും ശിവയുമെല്ലാം കഥാപുസ്തകങ്ങളിലെ കഥാപാത്രങ്ങളായി മാറിയിരിക്കുന്നു. അങ്ങനെ ആ ദിവസം എത്താറായി മിറ്റത്തെ തേൻവരിക്കയിൽ നിന്നും ചക്ക അടർത്തുന്നു വിഷുക്കണിക്കായി. കർഷകനായ അച്ചന്റെ കൃഷിത്തോട്ടത്തിൽ കണിക്കായുള്ള എല്ലാ സാധനങ്ങളും ഉണ്ട്. എല്ലാം തയ്യാറാക്കുന്നതിനായി ഒരുങ്ങി നിൽക്കുന്ന കാളിയും ശിവയും . അപ്പോഴാണ് അമ്മ അടുക്കളയിൽ നിന്നും വിളിക്കുന്നത് . കണി ഒരുക്കാനുള്ള ഓട്ടുരുളി എടുക്കാനായിരുന്നു അത്. അടുക്കളയിൽ പലതരം കറികൾ തയ്യാറായി. തിരക്കേറിയ ഫ്ലാറ്റ് ജീവിതത്തിൽ സ്വപ്നത്തിൽ തെളിയുന്ന വിഷു നാളെ നേരിട്ടുകാണാൻ ഞങ്ങൾ തയ്യാറായി. എല്ലാവരും ഉറക്കത്തിലേക്ക് വീണു. പിറ്റേന്ന് പുലർച്ചെ എന്നെയും സിന്ധുവിനേയും അമ്മ കണികാണാൻ എത്തിക്കുന്നു. കാളിയേയും ശിവയേയും അച്ചനും. കൺകുളിർക്കുന്ന കാഴ്ചതന്നെ . ശ്രീകൃഷ്ണ വിഗ്രഹം ദീപപ്രഭയിൽ തിളങ്ങി. മുമ്പിൽ ഓട്ടുരുളിയിൽ കണിവെള്ളരിക്കാ പഴങ്ങൾ അരി മാങ്ങ മുന്തിരി ചക്ക തേങ്ങ എന്നിവയും പൂന്തോപ്പ് വിരിഞ്ഞ് കിടക്കുന്നപോലെ കനീക്കൊന്ന അതിനുമുകളിൽ നാണയങ്ങൾ വാൽക്കണ്ണാടി എന്നിവ പഴമയുടെ വിഷുക്കണി ഞങ്ങൾക്കേകി. വിഷുക്കൈനീട്ടം വാങ്ങുകയും നൽകുകയും ചെയ്തു. ക്ഷേത്രത്തിൽ പോയി വന്ന് അമ്മയും സിന്ധുവും തയ്യാറാക്കിയ സ്വാദിഷ്ടമായ സദ്യ പിന്നെ പായസവും. .എല്ലാം കഴിഞ്ഞ് അവർ ഉമ്മറത്തിണ്ണയിലിരുന്ന് അവർ വീട്ടു വിശേഷങ്ങൾ പറയുന്നു. വീട്ടുവളപ്പിൽ തന്നെ ഒരു ചെറു കുളവുമുണ്ട്. ചിറ്റപ്പനും കാളിയും മീൻ പിടിക്കുന്നു. ഒരുമീനിനെക്കിട്ടിയ സന്തോഷത്തിൽ കളിക്കുന്നു കാളി. അവധി തീരാറാവുന്നു. അങ്ങനെ തിരികെ തിരക്കുപിടിച്ച ലോകത്തേക്ക് പോവാൻ സമയമാവുന്നു. രണ്ട് ദിവസത്തിനുശേഷം തിരികെ പോവാൻ തീരുമാനിച്ചു. സിന്ധു കിടപ്പുമുറിയുടെ ജനവാതിൽ തുറന്നു. പാടത്ത് നിന്ന് വീശുന്ന ഇളം കാറ്റ് ഇവിടം വിട്ടുപോവാൻ സമ്മതിക്കുന്നില്ല. പോയല്ലേപറ്റു. ഇങ്ങോട്ട് വരാൻ പറഞ്ഞ കാളിക്ക് നന്ദി പറഞ്ഞ് ഉറക്കത്തിലേക്ക് വീണു. പിന്നീട് സിന്ധു കാണുന്നത് ആരോ പിന്നിലേക്ക് വലിക്കുന്ന മരങ്ങളെയാണ്. അവർ തിരികെ തിരക്കിട്ട ജീവിതത്തിലേക്ക് യാത്രയാവുകയാണ്. മനസ്സു നിറയെ പഴയ സുന്ദര ഓർമകളുമായി.

ദേവിക എസ്സ്

# മനസ്സ്

ഒരിടത്ത് സുരേഷ് ,ദേവൻ എന്നിങ്ങനെ രണ്ട് പേർ ഉണ്ടായിരുന്നു. സുരേഷ് കൂലിപ്പണിക്കാരനായിരുന്നു. പക്ഷേ ദേവൻ വലിയപണക്കാരൻ ആയിരുന്നു. ദേവൻ സ്വന്തമായി ഓഫീസുകളും വലിയ കടകളും ഉണ്ടായിരുന്നു. ഒരു ദിവസം ദേവൻ വീട്ട് മുറ്റത്ത് നിൽക്കുകയയിരുന്നു. അപ്പോഴാണ് ജോലിക്ക് വേണ്ടി സുരേഷ് ദേവന്റെ വീട്ടിൽ വന്നത്. അപ്പോൾ ദേവൻ ചോദിച്ചു നിങ്ങൾ എന്ത് വൃത്തിഹീനമായിട്ടാണ് വന്നിരിക്കുന്നത്. എന്തൊരുനാറ്റമാണ്. ഇനി മേലാൽ എന്റെ അടുത്ത് വറുത് എന്ന് പറഞ്ഞു. ഇതു കേട്ട സുരേഷിനു വലിയ സങ്കടം വന്നു. ദേവന് പണത്തിന്റെ അഹങ്കാരം ആയിരുന്നു. അയാൾക്ക് പാവപ്പെട്ടവരെ കാണുന്നത് പുച്ഛമായിരുന്നു. ഒരുദിവസത്തെ ആഹാരത്തിനുവേണ്ടി ആയിരുന്നു സുരേഷ് ജോലിക്ക് പോയിരുന്നത്. ഒരു ദിവസം സുരേഷ് ജോലിക്ക് ശേഷം വീട്ടിലേക്ക് തിരിച്ചുവരുമ്പോൾ ഒരു വൃദ്ധൻ ലോട്ടറി വിൽക്കുന്നത് കണ്ടു. അന്ധനായ ആ മനുഷ്യനെ ഒരു ലോട്ടറി എടുത്ത് സഹായിക്കാമെന്ന് കരുതിയ സുരേഷ് തന്റെ കൈയ്യിലുണ്ടായിരുന്ന അന്നത്തെ ആഹാരത്തിന് വച്ചിരുന്ന പണമെടുത്ത് ആ വൃദ്ധനായ അന്ധന്റെ കൈയ്യിൽ നിന്നു ലോട്ടറി വാങ്ങി. അത്ഭുതമെന്നു പറയട്ടെ ആ ലോട്ടറി അടിച്ച്ത് സുരേഷിനായിരുന്നു. സമ്പന്നനായ സുരേഷ് ഒരുനാൾ തന്റെ വാഹനത്തിൽ പോവുകയായിരുന്നു. അപ്പോൾ ദേവന്റെ വീടിനു മുന്നിൽ ഒരു വലിയ ആൾക്കൂട്ടം കണ്ടു. വാഹനം നിർത്തി കാര്യം തിരക്കിയപ്പോൾ ദേവന്റെ വീടിന്റെ ജപ്തിയാണെന്നും അയാളുടെ കമ്പനികളെല്ലാം നഷ്ടത്തിലാണെന്നും അറിഞ്ഞു. സുരേഷ് ദേവനെ ഒന്ന് കാണാൻ അവന്റെ അടുത്തേക്ക് എത്തി. ദേവനാണെങ്കിൽ എല്ലാം നഷ്ടപ്പെട്ടതിന്റെ സങ്കടത്തിലായിരുന്നു. സുരേഷിനെ കണ്ട ദേവന് അവന്റെ മുഖത്തേക്ക് നോക്കാൻ മടി ആയിരുന്നു. കണ്ണീരോടെ ദേവൻ തനിക്കെലാം നഷ്ടപ്പെട്ടേന്നും തന്റെ സമ്പന്നരായ കൂട്ടുകാരെല്ലാം തന്നെ ഉപേക്ഷിച്ചെന്നും സുരേഷിനോട് പറഞ്ഞു. ദേവന്റെ സങ്കടം സഹിക്കാൻ വയ്യതെ സുരേഷ് ദേവനെ സഹായിക്കാം എന്ന് പറഞ്ഞു. ഇതുകേട്ട ദേവൻ ഒരു ഞെട്ടലോടെ സുരേഷിനെ നോക്കി. താൻ സുരേഷിനെ പലപ്പോഴും അപമാനിക്കുകയും നാണം കെടുത്തുകയും ചെയ്തിട്ടുണ്ടെന്നും പാവപ്പെട്ടവരെ തനിക്ക് പുച്ഛമായുരുന്നെന്നും പറഞ്ഞ് ദേവൻ സുരേഷിനോട് മാപ്പ് ചോദിച്ചു. സുരേഷ് ദേവനോട് പറഞ്ഞു. നിങ്ങൾ ഒരു കാര്യം ഓർക്കണം ആരും നിസ്സാരരല്ല. ആപത്ത് കാലത്ത് ആരു നമ്മളെ സഹായിക്കാൻ കാണും എന്ന് മുൻകൂട്ടി നമുക്ക് അറിയാൻ കഴിയില്ല. എല്ലാർക്കും സ്നേഹം നൽകണം എന്നാലെ നമുക്ക് സ്നേഹം ലഭിക്കൂ. അപ്പോഴെ ദൈവം അനുഗ്രഹിക്കൂ. സ്നേഹവും നന്മയും പരസഹായം ചെയ്യാനുള്ള മനസ്സുമാണ് നമുക്ക് വേണ്ടത്.

നിയാ ജോയ്

# വിവരസാങ്കേതിക വിദ്യയുടെ ലോകം

അമൃത
XI - B

വിവരസാങ്കേതിക വിദ്യയുടെ ലോകം കൂടുതൽ സങ്കീർണ്ണമാവുകയും അതിൻ്റെ വെല്ലുവിളികൾ കൂടുതൽ സങ്കീർണ്ണമാവുകയും ചെയ്യുന്നു. ഡാറ്റാ സുരക്ഷ, ഡാറ്റാ ലംഘനങ്ങൾ, സ്വകാര്യത ആശങ്കകൾ, പരസ്പര പ്രവർത്തനക്ഷമതയുടെ അഭാവം, ഉപയോക്തൃ വിദ്യാഭ്യാസത്തിൻ്റെ അഭാവം, വർദ്ധിച്ചുവരുന്ന ഐടി ചെലവുകൾ എന്നിവ ഐടി വ്യവസായത്തിലെ ഏറ്റവും പ്രബലമായ ചില പ്രശ്നങ്ങളാണ്. ഡാറ്റാ ലംഘനങ്ങളുടെ ഭീഷണികളും മറ്റ് ക്ഷുദ്രകരമായ ആക്രമണങ്ങളും ബിസിനസുകൾക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും, ഇത് ഐടി പ്രൊഫഷണലുകൾക്ക് ഡാറ്റ സുരക്ഷ ഒരു പ്രധാന ആശങ്കയാക്കുന്നു. ഡാറ്റയും നെറ്റ്‌വർക്കുകളും പരിരക്ഷിക്കുന്നതിന്, ഐടി പ്രൊഫഷണലുകൾ ഫയർവാളുകൾ, ആൻ്റിവൈറസ്, ആൻ്റി-മാൽവെയർ സോഫ്റ്റ്‌വെയർ, എൻക്രിപ്ഷൻ തുടങ്ങിയ ശക്തമായ സുരക്ഷാ നടപടികൾ നടപ്പിലാക്കണം. കൂടാതെ, സുരക്ഷാ നയങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നതിൻ്റെ പ്രാധാന്യം എല്ലാ ജീവനക്കാരും ഉപയോക്താക്കളും മനസ്സിലാക്കുന്നുവെന്ന് ഐടി പ്രൊഫഷണലുകൾ ഉറപ്പാക്കണം. ഡാറ്റാ ലംഘനങ്ങൾ കൂടുതൽ വ്യാപകമാവുകയും കമ്പനിയുടെ പ്രശസ്തിക്ക് കാര്യമായ ദോഷം വരുത്തുകയും ചെയ്യും. ഒരു ഡാറ്റാ ലംഘനത്തിൻ്റെ സാധ്യത കുറയ്ക്കുന്നതിന്, ഐടി പ്രൊഫഷണലുകൾ അവരുടെ നെറ്റ്‌വർക്കുകളും സിസ്റ്റങ്ങളും സുരക്ഷിതമാണെന്നും എല്ലാ ഉപയോക്താക്കൾക്കും മതിയായ സുരക്ഷാ നയ പരിശീലനം ലഭിച്ചിട്ടുണ്ടെന്നും ഉറപ്പാക്കണം.

കൂടാതെ, സംശയാസ്പദമായ പെരുമാറ്റം തിരിച്ചറിയാൻ അവർ ഉപയോക്തൃ പ്രവർത്തനം നിരീക്ഷിക്കണം. ഐടി വ്യവസായത്തിൽ, സ്വകാര്യത ആശങ്കകളും ഒരു പ്രധാന ആശങ്കയാണ്. ഉപയോക്തൃ സ്വകാര്യത പരിരക്ഷിക്കുന്നതിന് ഐടി പ്രൊഫഷണലുകൾ വ്യക്തമായ ഡാറ്റ ശേഖരണം, സംഭരണം, ഉപയോഗ നയങ്ങൾ സ്ഥാപിക്കണം. കൂടാതെ, സിസ്റ്റങ്ങളും നെറ്റ്‌വർക്കുകളും സുരക്ഷിതമാണെന്നും ഉപയോക്താക്കൾ ഡാറ്റാ പരിരക്ഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നുവെന്നും അവർ ഉറപ്പാക്കണം.

ഇൻ്റർഓപ്പറബിലിറ്റിയുടെ അഭാവമാണ് ഐടി വ്യവസായത്തിലെ മറ്റൊരു പ്രശ്നം. ഇൻ്റർഓപ്പറബിലിറ്റി ഉറപ്പാക്കാൻ, ഐടി പ്രൊഫഷണലുകൾ വെബ് സേവനങ്ങളും API-കളും പോലെയുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ ഉപയോഗിക്കണം. ഇത് ആശയവിനിമയം നടത്താനും വിവരങ്ങൾ പങ്കിടാനും സിസ്റ്റങ്ങളെ പ്രാപ്തമാക്കും. ഉപയോക്തൃ വിദ്യാഭ്യാസത്തിൻ്റെ അഭാവം ഐടി മേഖലയിൽ ഒരു അധിക വെല്ലുവിളിയാണ്. സുരക്ഷാ നയങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നതിൻ്റെ പ്രാധാന്യം അന്തിമ ഉപയോക്താക്കൾ മനസ്സിലാക്കുന്നുവെന്ന് ഐടി പ്രൊഫഷണലുകൾ ഉറപ്പാക്കണം. കൂടാതെ, സിസ്റ്റങ്ങളും നെറ്റ്‌വർക്കുകളും എങ്ങനെ സുരക്ഷിതമായി ഉപയോഗിക്കാമെന്ന് മനസിലാക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് അവർ പരിശീലനവും പിന്തുണയും നൽകണം. അവസാനമായി, വർദ്ധിച്ചുവരുന്ന ഐടി, ചെലവുകൾ ബിസിനസുകൾക്ക് പ്രശ്നമുണ്ടാക്കാം. ഐടി പ്രൊഫഷണലുകൾ നിലവിലുള്ള സംവിധാനങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുന്നതിലും ചെലവ് കുറയ്ക്കുന്നതിന് കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്യുന്ന സാങ്കേതികവിദ്യകളിൽ നിക്ഷേപിക്കണം. കൂടാതെ, അവർ പ്രക്രിയകൾ കാര്യക്ഷമമാക്കാനും ശാരീരിക അധ്വാനം കുറയ്ക്കാനും ശ്രമിക്കണം.

## പരിഹാരങ്ങൾ

ഇൻഫർമേഷൻ ടെക്നോളജി വ്യവസായത്തിലെ വികസനത്തിൻ്റെയും നവീകരണത്തിൻ്റെയും ദ്രുതഗതിയിലുള്ള വേഗത നിലനിർത്തുന്നതിന്, ഡാറ്റ സുരക്ഷ, സ്വകാര്യത, ഡിജിറ്റൽ ആക്സസ് തുടങ്ങിയ പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമായ പരിഹാരങ്ങളുണ്ട്. തുടക്കത്തിൽ, ബിസിനസുകൾ ഡാറ്റ സുരക്ഷ വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. വലിയ അളവിലുള്ള സെൻസിറ്റീവ് ഡാറ്റ സംഭരിക്കുകയും പ്രോസസ്സ് ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇത് വളരെ പ്രധാനമാണ്. കമ്പനികൾ എൻക്രിപ്ഷൻ, ഫയർവാളുകൾ, ആക്സസ് കൺട്രോൾ സിസ്റ്റങ്ങൾ തുടങ്ങിയ ഡാറ്റ സംരക്ഷണ സാങ്കേതികവിദ്യകൾ നടപ്പിലാക്കുകയും നിക്ഷേപിക്കുകയും വേണം. കൂടാതെ, ഡാറ്റ എപ്പോഴും സുരക്ഷിതമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അവർക്ക് വ്യക്തമായ നയങ്ങളും നടപടിക്രമങ്ങളും ഉണ്ടായിരിക്കണം. ഡാറ്റാ ശേഖരണത്തിന് ഉപഭോക്തൃ സമ്മതം ആവശ്യപ്പെടുന്നതും ഉപഭോക്തൃ ഡാറ്റ ഉപയോഗവുമായി ബന്ധപ്പെട്ട് വ്യക്തവും സുതാര്യവുമായ ആശയവിനിമയം നൽകുന്നതും പോലുള്ള സ്വകാര്യതാ നയങ്ങളും നടപടിക്രമങ്ങളും നടപ്പിലാക്കുന്നതിലൂടെ ഇത് നേടാനാകും. കൂടാതെ, ഉപഭോക്തൃ ഡാറ്റ സുരക്ഷിതമായി സംഭരിക്കുകയും എൻക്രിപ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ആവശ്യാനുസരണം ആക്സസ് നിയന്ത്രിച്ചിട്ടുണ്ടെന്നും ബിസിനസുകൾ ഉറപ്പാക്കണം.

അവസാനമായി, ബിസിനസ്സുകൾ ഡിജിറ്റൽ ആക്സസ് വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. വികലാംഗർക്ക് ആക്സസ് ചെയ്യാവുന്ന ഉൽപന്നങ്ങളും സേവനങ്ങളും നൽകുന്നതും മറ്റ് തരത്തിൽ താങ്ങാൻ കഴിയാത്തവർക്ക് കുറഞ്ഞ നിരക്കിൽ അല്ലെങ്കിൽ സൗജന്യ ഇൻ്റർനെറ്റ് ആക്സസ് നൽകുന്നതും ഇതിൽ ഉൾപ്പെടുന്നു . എല്ലാവർക്കും സാങ്കേതികവിദ്യ അതിൻ്റെ പൂർണ്ണമായ അളവിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ഉറപ്പാക്കാൻ, ബിസിനസ്സുകൾ ഡിജിറ്റൽ സാക്ഷരതാ സംരംഭങ്ങളും വിദ്യാഭ്യാസവും നൽകണം.

# POEM

You are the root that nourishes me;
hold me tight when I am in the storm.
You perforate through the muddy life,
to bring me the elixir of eternity.
You are always entangled and puzzled,but
always strive to make me bloom.
You never sought sunshine; that's for me,
and you selflessly became my veins.
The aroma and vibrancy all I have-
is the bitterness that you had so far.
The two extremities we are unequivocally
And being inseparable for the lifetime.
I bow before you, with all my love
as you be the dampness for me to have the sky.

# കവിത

നീ എന്നെ പോഷിപ്പിക്കുന്ന വേരാകുന്നു;
ഞാൻ കൊടുങ്കാറ്റിൽ ആയിരിക്കുമ്പോൾ എന്നെ മുറുകെ പിടിക്കുക.
ചെളി നിറഞ്ഞ ജീവിതത്തിലൂടെ നിങ്ങൾ തുളച്ചുകയറുന്നു,
എനിക്ക് നിത്യതയുടെ അമൃതം കൊണ്ടുവരാൻ.
നിങ്ങൾ എപ്പോഴും പിണങ്ങിയും ആശയക്കുഴപ്പത്തിലുമാണ്, പക്ഷേ
എന്നെ പൂക്കുവാൻ എപ്പോഴും പരിശ്രമിക്കുന്നു.
നിങ്ങൾ ഒരിക്കലും സൂര്യപ്രകാശം തേടിയില്ല; അത് എനിക്കുള്ളതാണ്,
നിങ്ങൾ നിസ്വാർത്ഥമായി എൻ്റെ സിരകളായി.
എനിക്കുള്ള സൌരഭ്യവും ഉന്മേഷവും എല്ലാം-
നിങ്ങൾ ഇതുവരെ ഉണ്ടായിരുന്ന കയ്പാണ്.
നാം അസന്ദിഗ്ധമായി രണ്ട് അറ്റങ്ങളാണ്
ഒപ്പം ജീവിതകാലം മുഴുവൻ വേർപിരിക്കാനാവാത്തവയും.
എൻ്റെ പൂർണ്ണ സ്നേഹത്തോടെ ഞാൻ നിങ്ങളുടെ മുൻപിൽ വണങ്ങുന്നു
എനിക്ക് ആകാശം ലഭിക്കാൻ നീ നനവുള്ളതുപോലെ.

**അഞ്ജലി**
**XII-B**

# നിഹാരയുടെ കവിതകൾ

### ***Once I Had a Dream***

Once I had a dream
To be the best of all
Once I had a dream
To fly freely in the air like pappus
Once I had a dream
To climb the Mount Everest
Once I had a dream
To have the longest hair like Rapunzel
Once I had a dream
To freeze the summer
Once I had a dream
To have the best dreams

NIHARA

### ***The Last Smile***

Somehow, I stepped into the ship
With a lot of thoughts, frowning and teeth chattering, thinking that something very strange is about to happen
The ship started to move, and my thoughts started to tremble
After a nap, when I open my eyes
I saw everyone crying and shouting in fear
Look ! There is a person in the ship
Suddenly, I saw an iceberg in the way
And everyone is out of the ship, except me
I was hopeless, and they were helpless
I made my heart ready to stop working
And my soul ready to succumb
And I gave my last smile to the ocean

NIHARA

### ***When Day Becomes Night***


Day becomes night
When you can not hold tight
To something that you put love on
To something that you think your whole life is about
Surely day becomes night
And the night will grow darker than ever as the time flies
In childhood, it's impossible for you
But when you're an adult or a grown-up person
You must work for it and grab it tight
Whatever may happen, even if it kills you
You must do what you want
Because you waited this long and were patient
All good things to those who wait
Then, the day becomes brighter than ever !

*NIHARA*

### **വരവേൽക്കാം പുതുവർഷത്തെ,**

നൻമയേറും നവവർഷത്തെ
പ്രളയഭീതി തെല്ലുമില്ലാത്ത
പകർച്ചവ്യാധി പകരാത്ത വർഷം
പോക്സോ കേസുകളൊന്നുമില്ലാത്ത
സ്ത്രീ സൗഹൃദ വർഷം
നവകേരള സൃഷ്ടിക്കായി
നാട്ടാരൊന്നിക്കുന്ന വർഷം
മാലിന്യ സംസ്കരണത്തിലൂടെ
ശുചിത്വ കേരളമാകുന്ന വർഷം
ദാരിദ്രവും അഴിമതിയും തുടച്ചു നീക്കുന്ന വർഷം
ബാലകരാം ഞങ്ങൾ സുരക്ഷിതരായി സ്കൂളിൽ പോകുന്ന വർഷം
മാവേലി നാടു വാണീടും സ്മരണകളുണർത്തുന്ന വർഷം
എൻ്റെ കൊച്ചു കേരളത്തിൻ സാംസ്കാരിക തനിമയേറും വർഷം
നവവർഷമേ സുസ്വാഗതം !

നിഹാര



# വായനാദിനം

ഇന്ന് ജൂൺ 19 വായനാദിനം. വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മുദ്രാവാക്യത്തിലൂടെ കേരളത്തെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ ഒരു വലിയ മനുഷ്യന്റെ ഓർമ്മദിനം. അതെ പൊതുവായിൽ നാരായണ പണിക്കർ എന്ന പി എൻ പണിക്കർ. അദ്ദേഹത്തിൻറെ ചരമദിനമാണ് 1996 മുതൽ നാം വായനാദിനമായി ആചരിക്കുന്നത്. കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് പുസ്തക വായനയ്ക്ക് പ്രേരണ നൽകിയ അദ്ദേഹം ആദ്യത്തെ ഗ്രന്ഥശാല രൂപീകരണത്തിലൂടെ ഇന്ന് കാണുന്ന ഗ്രന്ഥശാലകൾക്ക് കാരണക്കാരനായി. ലോകം മുഴുവൻ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു കലയാണ് വായന. വായനയും അറിവും മനുഷ്യൻറെ സ്വഭാവ ശീലങ്ങളിൽ മാറ്റം വരുത്തുകയും അതിലൂടെ വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുന്നു. രാജ്യത്തിൻറെ പുരോഗതിയിൽ മാറ്റം വരുത്താൻ വായനാശീലം മുതൽക്കൂട്ടാക്കിയ ഒരു തലമുറയ്ക്ക് സാധിക്കും. ചിന്താശക്തിയും ഭാവനാശക്തിയും വർദ്ധിപ്പിച്ച് ജീവിതത്തിൽ വിജയം നേടിയ പലരും വായനയുടെ ശക്തി തിരിച്ചറിഞ്ഞവരാണ്. എബ്രഹാം ലിങ്കൺ എപിജെ അബ്ദുൽ കലാം മഹാത്മാഗാന്ധി എന്നിവർ അവരിൽ ചിലർ മാത്രം. നാളത്തെ പൗരന്മാരായ നമ്മൾ ഇന്ന് തന്നെ വായന ഒരു ശീലമാക്കണം. അതിനായി കയ്യിൽ കിട്ടുന്ന എന്തും വായിക്കാനുള്ള മനസ്സ് ഉണ്ടാവണം. ഗ്രന്ഥശാലകൾ മാത്രമല്ല ഇന്ന് വായനയ്ക്കായി നമ്മുടെ മുന്നിലുള്ള മൊബൈലും ഇൻറർനെറ്റും എല്ലാം അതിന് നമ്മളെ സഹായിക്കുന്നു. വായിച്ചാലും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും എന്ന കുഞ്ഞുണ്ണി മാഷിൻറെ പ്രശസ്തമായ വരികൾ ഉരുവിട്ടുകൊണ്ട് നമുക്ക് വളരാം വായനയിലൂടെ.

സൈനോ ജോളി സാജൻ

നന്ദി